**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 753** **08-10-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിൽ മറ്റു സഹകരണ സംഘങ്ങൾക്കുള്ള ഓഹരികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിൽ മറ്റു സഹകരണ സംഘങ്ങൾക്ക് ഉള്ള ഓഹരികൾ പിൻവലിക്കുന്നത് തടഞ്ഞുകൊണ്ട് ഭേദഗതി കൊണ്ടു വന്നിട്ടുണ്ടോ, ഇതിന് ആധാരമായ കാര്യങ്ങൾ വിശദമാക്കുമോ; | (എ) | കേരള ബാങ്കിൽ മറ്റു സഹകരണ സംഘങ്ങൾക്ക് ഉള്ള ഓഹരികൾ പിൻവലിക്കുന്നത് തടഞ്ഞുകൊണ്ട് ബാങ്കിന്റെ നിയമാവലിയിൽ ഭേദഗതി കൊണ്ടു വന്നിട്ടില്ല.<br><br>നിലവിൽ മറ്റ് സഹകരണ സംഘങ്ങൾ കേരള ബാങ്കിൽ എത്ര ശതമാനം ഓഹരികൾ നിലനിർത്തണമെന്ന് പ്രത്യേകം വ്യവസ്ഥയില്ല. മറ്റ് സഹകരണ സംഘങ്ങൾ കേരള ബാങ്കിൽ നിന്നും വായ്പ എടുക്കുമ്പോൾ കാലാകാലങ്ങളിൽ സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിക്കുന്ന അനുപാതത്തിലാണ് ഓഹരി ഈടാക്കുന്നത്. നിലവിൽ ഇത് വായ്പാ തുകയുടെ 2% ആണ്. അംഗ സംഘങ്ങളുടെ ധന പ്രതിസന്ധി നേരിടുന്നതിന് വിവിധ തലങ്ങളിൽ ബാങ്ക് സഹായം നൽകി വരുന്നു. സർക്കാരിന്റെയും അംഗ സംഘങ്ങളുടെയും ഓഹരിയാണ് ബാങ്കിന്റെ മൂലധന പര്യാപ്തത നിലനിർത്തുന്നതിന് സഹായിക്കുന്നത്. ആയതിനാൽ ബാങ്കിന്റെ മൂലധന പര്യാപ്തത ഉറപ്പാക്കി മാത്രമേ ഓഹരി പിൻവലിക്കുന്നതിന് അനുവദിക്കാൻ കഴിയുകയുള്ളൂ. ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയും മൂലധന പര്യാപ്തതയും മെച്ചപ്പെടുന്നതനുസരിച്ച് ഓഹരി തിരികെ നൽകുന്നത് പരിശോധിക്കുന്നതാണ്. |
| (ബി) | മറ്റു സഹകരണ സംഘങ്ങൾ കേരള ബാങ്കിൽ എത്ര ശതമാനം ഓഹരികൾ നിലനിർത്തണമെന്നാണ് നിലവിൽ വ്യവസ്ഥയുള്ളത്; വലിയ സാമ്പത്തിക ശേഷിയില്ലാത്ത സഹകരണ സംഘങ്ങൾ ധനപ്രതിസന്ധി നേരിടുമ്പോൾ അവർ എടുത്ത വായ്പകൾ അടച്ചശേഷമുള്ള ഓഹരികൾ പിൻവലിക്കാനാവാത്തത് കടുത്ത ബുദ്ധിമുട്ടിലാക്കുമെന്നതിനാൽ ഓഹരികൾ പിൻവലിക്കുന്നത് മരവിപ്പിച്ച ഭേദഗതി ഒഴിവാക്കുന്നതിനു നടപടി ഉണ്ടാകുമോ; | (ബി) | കേരള ബാങ്കിൽ മറ്റു സഹകരണ സംഘങ്ങൾക്ക് ഉള്ള ഓഹരികൾ പിൻവലിക്കുന്നത് തടഞ്ഞുകൊണ്ട് ബാങ്കിന്റെ നിയമാവലിയിൽ ഭേദഗതി കൊണ്ടു വന്നിട്ടില്ല.<br><br>നിലവിൽ മറ്റ് സഹകരണ സംഘങ്ങൾ കേരള ബാങ്കിൽ എത്ര ശതമാനം ഓഹരികൾ നിലനിർത്തണമെന്ന് പ്രത്യേകം വ്യവസ്ഥയില്ല. മറ്റ് സഹകരണ സംഘങ്ങൾ കേരള ബാങ്കിൽ നിന്നും വായ്പ എടുക്കുമ്പോൾ കാലാകാലങ്ങളിൽ സഹകരണ |

| | | | |
|---|---|---|---|
| | | | സംഘം രജിസ്ട്രാർ നിശ്ചയിക്കുന്ന അനുപാതത്തിലാണ് ഓഹരി ഈടാക്കുന്നത്. നിലവിൽ ഇത് വായ്പാ തുകയുടെ 2% ആണ്. അംഗ സംഘങ്ങളുടെ ധന പ്രതിസന്ധി നേരിടുന്നതിന് വിവിധ തലങ്ങളിൽ ബാങ്ക് സഹായം നൽകി വരുന്നു. സർക്കാരിന്റെയും അംഗ സംഘങ്ങളുടെയും ഓഹരിയാണ് ബാങ്കിന്റെ മൂലധന പര്യാപ്തത നിലനിർത്തുന്നതിന് സഹായിക്കുന്നത്. ആയതിനാൽ ബാങ്കിന്റെ മൂലധന പര്യാപ്തത ഉറപ്പാക്കി മാത്രമേ ഓഹരി പിൻവലിക്കുന്നതിന് അനുവദിക്കാൻ കഴിയുകയുള്ളൂ. ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയും മൂലധന പര്യാപ്തതയും മെച്ചപ്പെടുന്നതനുസരിച്ച് ഓഹരി തിരികെ നൽകുന്നത് പരിശോധിക്കുന്നതാണ്. |
| (സി) | റിസർവ് ബാങ്കിന്റെ ചട്ടങ്ങൾ പ്രകാരം ഈടാക്കുന്ന ഓഹരികൾ ലിസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ ഇവിടെ പാലിക്കുന്നുണ്ടോ ; ഇപ്രകാരം ലിസ്റ്റ ചെയ്യുന്നതുവഴി മറ്റു സഹകരണ സംഘങ്ങൾക്ക് ഓഹരികളുടെ വിപണി മൂല്യം ഉറപ്പാക്കാനാവുന്നതിനാൽ പ്രതിസന്ധി ഘട്ടങ്ങളിൽ ഈ ഓഹരികൾ ഉപയോഗപ്പെടുത്താനാവുമെന്ന് കണ്ട് ആയതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | 1949 ലെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിലെ ഭേദഗതി പ്രകാരം സഹകരണ ബാങ്കുകൾക്ക് റിസർവ് ബാങ്കിന്റെ അനുമതിയോടെ മുൻഗണനാ ഓഹരി ഉൾപ്പെടെ വിവിധ തരത്തിലുള്ള ഓഹരി സമാഹരിക്കുന്നതിനും, ലിസ്റ്റ് ചെയ്യുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സഹകരണ സംഘങ്ങളുടെ അടിസ്ഥാന തത്വത്തിന് യോജിച്ചതല്ലാത്തതും, സംസ്ഥാന സഹകരണ നിയമത്തിൽ ഇത്തരത്തിൽ ഓഹരി ലിസ്റ്റ് ചെയ്യുന്നതിന് വ്യവസ്ഥകൾ ഇല്ലാത്തതും, ആയതിനാൽ ടി വ്യവസ്ഥ പ്രകാരമുള്ള ഓഹരി സമാഹരണം ബാങ്ക് പരിഗണിച്ചിട്ടില്ലാത്തതുമാകുന്നു |

സെക്ഷൻ ഓഫീസർ